S001 | CO

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ.ബഡ്.3/005330/2011.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി, 16/05/2025

## മെമ്മോറാണ്ടം

വിഷയം : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കോർപ്പറേറ്റ് സാലറി പാക്കേജിൽ ഉൾപ്പെടുത്തി ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ അനുവദിക്കുന്നത് - യൂണിറ്റിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്

സൂചന : 07/05/2025-ലെ ഇതേ നമ്പർ പ്രകാരമുള്ള മെമ്മോറാണ്ടം

05/05/2025-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും, കെ.എസ്.ആർ.ടി.സി.യുമായി ഒപ്പുവെച്ച കരാർ പ്രകാരം കെ.എസ്.ആർ.ടി.സി.യിലെ മുഴുവൻ ജീവനക്കാർക്കും സൗജന്യ ഇൻഷുറൻസ് പരിരക്ഷ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദമായ വിവരങ്ങൾ സൂചന പ്രകാരം യൂണിറ്റുകളിൽ അറിയിച്ചിട്ടുണ്ട്. 04/06/2025-ന് മുമ്പായി എല്ലാ ജീവനക്കാരുടെയും ബാങ്ക് അക്കൗണ്ടുകൾ കോർപ്പറേറ്റ് സാലറി പാക്കേജിൽ ജീവനക്കാരുടെ ശമ്പളത്തിന് ആനുപാതികമായ വേരിയന്റുകളിൽ (സിൽവർ, ഗോൾഡ്, ഡയമണ്ട്, പ്ലാറ്റിനം, റോഡിയം എന്നിവ) ഉൾപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ എല്ലാ യൂണിറ്റ് അധികാരികളും 21/05/2025-ന് മുമ്പായി തങ്ങളുടെ യൂണിറ്റിലെ മുഴുവൻ ജീവനക്കാരുടെയും അക്കൗണ്ടുകൾ കോർപ്പറേറ്റ്

സാലറി പാക്കേജിൽ യഥാർത്ഥ വേരിയന്റിൽ (സിൽവർ, ഗോൾഡ്, ഡയമണ്ട്, പ്ലാറ്റിനം, റോഡിയം എന്നിവ) ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കോർപ്പറേറ്റ് സാലറി പാക്കേജിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ ഫോം സൂചന പ്രകാരം അയച്ച് നൽകിയിട്ടുണ്ട്. ആയത് എല്ലാ ജീവനക്കാർക്കും നൽകേണ്ടതും, ജീവനക്കാരെല്ലാവരും കോർപ്പറേറ്റ് സാലറി പാക്കേജിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് 21/05/2025-ന് വൈകുന്നേരം 4.00 മണിക്ക് മുമ്പായി യൂണിറ്റ് ആഫീസർമാർ aobudget@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ച് നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്താൻ പാടുള്ളതല്ല.

ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ്
അക്കൗണ്ട്സ് ഓഫീസർ

സ്വീകർത്താവ്

എല്ലാ യൂണിറ്റ് ആഫീസർമാർക്കും.
എല്ലാ വർക്ഷോപ്പ് മേധാവികൾക്കും.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ജനറൽ വിഭാഗം.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇന്റേണൽ ആഡിറ്റ് വിഭാഗം.
സൂപ്രണ്ട്, പെയ്മെന്റ് സെൽ.

*ഷb/16.05.*

SBI is offering a wide range of benefits to KSRTC employees through the enhanced salary package

Did you do the following to avail the benefits

1. Visit your home branch/ nearest SBI branch and ensure your account is Corporate Salary account.
2. Ensure your account is in respective category (Silver/Gold/Diamond/Platinum/Rhodium)
3. Your account is KYC compliant with full KYC with PAN and correct mobile number.
4. Applied for the new age Rupay Debit card
5. Nomination registered in the account
6. Visit the below link to avail super top-up health insurance facility of Rs 15/30 lakhs https://general.bajajallianz.com/BagicNxt/csc_health/Super_Top_Up.jsp?src_name=CBM_0899288 or scan the QR Code

Visit your nearest branch today itself and enjoy the benefits.